180280
16/8/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല – ഏലപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.ആർ. മോഹനനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2745/2017/തസ്വഭവ    തീയതി, തിരുവനന്തപുരം, 07.08.2017

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.11.2012-ലെ ഇ 6(വിഇ 28/04/ഐടികെ) 45291/04 നമ്പർ കത്ത്

2. സർക്കാരിന്റെ 31.08.2013-ലെ 7012/ഇപിബി2/2013/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. എം.ആർ. മോഹനന്റെ തീയതി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 19.12.2015-ലെ ഡി8-38613/13 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ പഞ്ചായത്തിലെ മാംസ സ്റ്റാൾ ലേലം ചെയ്ത വകയിൽ സർക്കാരിനുണ്ടായ നഷ്ടമായ 2,10,000/- രൂപയും, ബോണാമി മാംസ സ്റ്റാളിന്റെ ലേല വകയിൽ പഞ്ചായത്തിനുണ്ടായ നഷ്ടമായ 16,800/- രൂപയും, ഏലപ്പാറ ബസ് സ്റ്റാന്റിൽ ഫീസ് പിരിവിനുള്ള അവകാശം ലേലം ചെയ്ത വകയിൽ പഞ്ചായത്തിനുണ്ടായ നഷ്ടമായ 58,001/- രൂപയും ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം.ആർ. മോഹനനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന് പരാമർശം (2) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ടിയാൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപണങ്ങളെല്ലാം നിഷേധിക്കുകയുണ്ടായി. ടിയാനെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. എം.ആർ. മോഹനനെതിരായ ആരോപണങ്ങൾ ടിയാൻ നിഷേധിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ഡയറക്ടർ ടിയാനെതിരെയുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 1960-ലെ കേരള

സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ഏലപ്പാറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം.ആർ. മോഹനനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
2. ശ്രീ. എം.ആർ. മോഹനൻ, മുൻ സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. പ്രസിഡന്റ്/സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.7012/ഇപിബി2/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ